POLICE DEPARTMENT

KERALA

**No.N2-67128/2023/PHQ**
Police Headquarters,
Thiruvananthapuram
✉phq.pol@kerala.gov.in
☏04712721547
Dated. 27-04-2023

**Circular. 7/2023/PHQ**

Sub : സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കലാ സാഹിത്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച് -

Ref : 1. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ലെ 48-)ഠ വകുപ്പ്
2. സ.ഉ.(പി) നം. 28/2015/ഉ.ഭ.പ.വ തീയതി 11/11/2015
3. പി. 03/58/2023/ആഭ്യന്തരം തീയതി 13/04/2023

കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ലെ 48-)o വകുപ്പ് പ്രകാരം സർക്കാർ ജീവനക്കാർ സർക്കാർ അനുമതിയില്ലാതെ സിനിമ/സീരിയൽ തുടങ്ങിയ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ പങ്കെടുക്കുകയോ ഇതിൽ നിന്നും പ്രതിഫലം കൈപ്പറ്റുകയോ ചെയ്യാൻ അനുവാദം ഇല്ലാത്തതാണ്. കൂടാതെ ഓരോ കലാ, സാഹിത്യ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും പ്രത്യേകമായി അപേക്ഷ സമർപ്പിച്ച് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണെന്നും, സർക്കാർ തലത്തിൽ ഓരോ കേസും പ്രത്യേകമായുള്ള പരിശോധനയ്ക്ക് ശേഷം ആയതിന്റെ മെറിറ്റ് അനുസരിച്ച് മാത്രമായിരിക്കും അനുമതി നൽകുന്നതെന്നും സൂചന 2 പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

പോലീസ് വകുപ്പിന് കീഴിൽ ജോലി നോക്കിവരുന്ന നിരവധി ഉദ്യോഗസ്ഥർ സർക്കാർ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച ശേഷം മുൻകൂർ അനുമതി ലഭിക്കും മുൻപ് (ടി വിഷയത്തിൽ അടിയന്തിര സാഹചര്യം നിലവിലില്ലാതിരിക്കെ) ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അച്ചടക്ക സേന എന്ന നിലയിൽ പോലീസ് വകുപ്പിന് കീഴിൽ വരുന്ന സേനാംഗങ്ങളും മിനിസ്റ്റീരിയൽ സ്റ്റാഫും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടും മുൻപ് അവധിയ്ക്കായി അപേക്ഷ നൽകി ആയത് ഉത്തരവാക്കേണ്ടതും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്. അഭിനയിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന ഓരോ ഉദ്യോഗസ്ഥരും അവർ നൽകുന്ന പ്രോഫോർമയിൽ ആവശ്യപ്പെടുന്ന തീയതിയ്ക്ക് ഒരുമാസം മുൻപ് യൂണിറ്റ് മേലധികാരിയുടെ വ്യക്തമായ ശുപാർശ സഹിതം പോലീസ് ആസ്ഥാനത്ത് അപേക്ഷ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സമയക്രമം പാലിക്കാതെ ലഭിക്കുന്ന അപേക്ഷകൾ അതാത് ഓഫീസ്/യൂണിറ്റുകളിൽ നിന്ന് തന്നെ അപേക്ഷകന് മടക്കി നൽകേണ്ടതാണ്. കൂടാതെ അപേക്ഷയും അതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന എല്ലാ രേഖകളും iAPS മുഖേനയും ഫിസിക്കൽ ആയും ലഭ്യമാക്കിയിട്ടുണ്ടെന്ന് അതാത് യൂണിറ്റ് ഓഫീസുകൾ ഉറപ്പ് വരുത്തേണ്ടതാണ്.

അപേക്ഷ സമർപ്പിച്ച ശേഷം സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭിക്കാതെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഈ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ/വകുപ്പ് തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് കൂടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എല്ലാ ഓഫീസ്/യൂണിറ്റ് മേധാവികളും തങ്ങളുടെ യൂണിറ്റിന് കീഴിൽവരുന്ന ജീവനക്കാരുടെ ഭാഗത്ത് നിന്നും ഇത്തരം നിയമ ലംഘനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

Anil Kant IPS
State Police Chief

To : എല്ലാ ഓഫീസ് /യൂണിറ്റ് മേധാവിമാർക്കും അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി

Copy To : സംസ്ഥാന പോലീസ് മേധാവി /അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് /ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സി എ മുഖാന്തരം
പോലീസ് ആസ്ഥാനത്തെ എല്ലാ സ്റ്റാഫ് ഓഫീസർമാർക്കും സി എ മുഖാന്തരം
സീനിയർ ഫിനാൻസ് ഓഫീസർ/മാനേജർ/അക്കൌണ്ട്സ് ഓഫീസർ പോലീസ് ആസ്ഥാനം
ഡ്യൂട്ടി ഓഫീസർ, പോലീസ് ആസ്ഥാനം
പോലീസ് ആസ്ഥാനത്തെ എല്ലാ സീനിയർ/ജൂനിയർ സൂപ്രണ്ട്മാർക്കും
പോലീസ് ആസ്ഥാനത്തെ എല്ലാ സെക്ഷൻ ക്ലർക്ക്മാർക്കും
ഡി സ്പേസ്

Internal Administrative Processing System
iAPS
KERALA POLICE